# CAREER Updates
# പത്രവൃത്താന്തം

16.11.2023 (വ്യാഴം)



- ➩ അന്താരാഷ്ട്ര ഏകദിന ക്രിക്കറ്റിൽ 50 സെഞ്ചുറികൾ തികയ്ക്കുന്ന ആദ്യ താരം
- ✔ വിരാട് കോലി

- 2023-ലെ ഏകദിന ലോകകപ്പിന്റെ സെമി ഫൈനലിൽ ന്യൂസിലന്റിനെതിരായ മത്സരത്തിലാണ് വിരാട് കോലി തന്റെ 50-ാം സെഞ്ചുറി സ്വന്തമാക്കിയത്. അന്താരാഷ്ട്ര ഏകദിന ക്രിക്കറ്റിൽ ഏറ്റവുമധികം സെഞ്ചുറികൾ നേടുന്ന താരം എന്ന സച്ചിൻ ടെൻഡുൽക്കറുടെ റെക്കോഡ് വിരാട് കോലി നേരത്തേ മറികടന്നിരുന്നു.
- ഒരു ഏകദിന ലോകകപ്പ് എഡിഷനിൽ ഏറ്റവുമധികം റൺസ് നേടിയ താരം എന്ന റെക്കോഡും ഒരു ഏകദിന ലോകകപ്പ് എഡിഷനിൽ ഏറ്റവുമധികം തവണ 50-ലധികം സ്കോർ ചെയ്ത താരം എന്ന റെക്കോഡും 2023-ലെ ലോകകപ്പോടെ വിരാട് കോലി സ്വന്തം പേരിലാക്കി.

- ➩ അന്താരാഷ്ട്ര ഏകദിന ക്രിക്കറ്റിൽ ഒരു മത്സരത്തിൽ 7 വിക്കറ്റ് നേടിയ ആദ്യ ഇന്ത്യക്കാരൻ
- ✔ മുഹമ്മദ് ഷമി
- ➩ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഏറ്റവും കൂടുതൽ സിക്സറുകൾ നേടിയ താരം എന്ന റെക്കോഡ് സ്വന്തമാക്കിയത്
- ✔ രോഹിത് ശർമ
- ➩ നിലവിലുപയോഗിക്കുന്ന ഇന്റർനെറ്റ് സംവിധാനങ്ങളേക്കാൾ പത്ത് മടങ്ങ് വേഗതയുള്ള അതിവേഗ ഇന്റർനെറ്റ് സംവിധാനം 2023 നവംബറിൽ അവതരിപ്പിച്ച രാജ്യം
- ✔ ചൈന
- ➩ ലോക അത്‌ലറ്റിക്സ് സംഘടനയുടെ 2023-ലെ അത്‌ലറ്റ് ഓഫ് ദി ഇയർ പുരസ്കാരത്തിനായുള്ള അന്തിമ പട്ടികയിൽ ഇടംനേടിയ ഇന്ത്യൻ ജാവലിൻ ത്രോ താരം
- ✔ നീരജ് ചോപ്ര
- നീരജ് ചോപ്ര ഉൾപ്പെടെ 5 പേരാണ് 2023-ലെ അത്‌ലറ്റ് ഓഫ് ദി ഇയർ പുരസ്കാരത്തിനായുള്ള അന്തിമ പട്ടികയിൽ ഇടംനേടിയത്. യു.എസ്. ഷോട്ട്പുട്ട് താരം റയാൻ ക്രൗസർ, സ്വീഡിഷ് പോൾവാട്ട് താരം അർമാൻഡ് ഡുപ്ലന്റിസ്, കെനിയൻ മാരത്തോൺ താരം കെൽവിൻ കിപ്റ്റം, യു.എസ്. സ്പ്രിന്റർ നോഹ ലൈൽസ് എന്നിവരാണ് നീരജിനൊപ്പം അന്തിമ പട്ടികയിൽ ഇടംനേടിയവർ.
- ➩ 2023-ലെ മിസ്സ് ഏഷ്യ കിരീടം സ്വന്തമാക്കിയ ബഷ്കോർട്ടസ്ഥാൻ സുന്ദരി
- ✔ ഇലൂസ ഇഷ്യൻ ഡവ്‌ലെറ്റോവ
- ➩ ഇന്ത്യയിലെ ഏറ്റവും വലിയ ബീച്ച് സൈഡ് സ്റ്റാർട്ടപ്പ് ഉച്ചകോടിയ്ക്ക് 2023 നവംബറിൽ വേദിയായത്
- ✔ തിരുവനന്തപുരം

- ➩ 2023 നവംബറിൽ അന്തരിച്ച പ്രശസ്ത കൂടിയാട്ടം ആചാര്യൻ
- ✔ പി.കെ. നാരായണൻ നമ്പ്യാർ
- 2008-ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ച കൂടിയാട്ടം കലാകാരനാണ് പി.കെ. നാരായണൻ നമ്പ്യാർ. 'മന്ത്രാങ്കം', 'ശ്രീകൃഷ്ണ ചരിതം', 'നങ്ങ്യാർകൂത്ത്' എന്നിവ ഇദ്ദേഹത്തിന്റെ രചനകളാണ്.
- ➩ നാളെയുടെ പദാർത്ഥം എന്നറിയപ്പെടുന്ന ഗ്രഫീൻ, മറ്റ് നാനോ വസ്തുക്കൾ എന്നിവ അടിസ്ഥാനപ്പെടുത്തി ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സംവിധാനവുമായി മെറ്റീരിയൽ ടെക്നോളജി പാർക്ക് കേരളത്തിലാദ്യമായി നിലവിൽ വരുന്നത് എവിടെയാണ്?
- ✔ ഒറ്റപ്പാലം (തിരുവനന്തപുരം)
- ➩ ഇഗ്ല ആന്റി എയർ ക്രാഫ്റ്റ് മിസൈൽ വാങ്ങുന്നതിനായി ഇന്ത്യ ധാരണാപത്രത്തിൽ ഒപ്പുവച്ചത് ഏത് രാജ്യവുമായാണ്?
- ✔ റഷ്യ
- ➩ ഫുട്ബോൾ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനായി എ.ഐ.എഫ്.എഫ്.-ഫിഫ അക്കാദമി ഇന്ത്യയിലാദ്യമായി സ്ഥാപിതമായത് എവിടെയാണ്?
- ✔ ഭുവനേശ്വർ (ഒഡീഷ)
- ➩ ദുർബല വിഭാഗങ്ങളായ ആദിവാസികളുടെ സംരക്ഷണം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ 2023 നവംബറിൽ കേന്ദ്ര സർക്കാർ ആരംഭിച്ച പദ്ധതി
- ✔ പി.എം. പി.വി.ടി.ജി. മിഷൻ (പ്രധാൻമന്ത്രി പർട്ടിക്കുലർലി വൾനറബിൾ ട്രൈബൽ ഗ്രൂപ്പ്സ് ഡെവലപ്പ്മെന്റ് മിഷൻ)
- ➩ 2023 നവംബറിൽ പ്രകാശനം ചെയ്യപ്പെട്ട മുൻ ഇന്ത്യൻ ഫുട്ബോൾ താരം യു. ഷറഫലിയുടെ ആത്മകഥ
- ✔ സെക്കന്റ് ഹാഫ്

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ 8590 333 999